**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2519** **23-02-2026 - ൽ മറുപടിയ്ക്ക്**

**തൊടുപുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2021-25 കാലഘട്ടത്തിൽ തൊടുപുഴ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെ; വിശദാംശം ലഭ്യമാക്കാമോ? | (എ) | പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി പ്രകാരം 333 അപേക്ഷകൾ വിവിധ ബാങ്കുകളിലേക്ക് ശുപാർശ ചെയ്തു. 132 അപേക്ഷകർക്ക് സബ്സിഡിയനുവദിക്കുകയും ചെയ്തു. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതിയനുസരിച്ച് 60 സംരംഭങ്ങൾക്ക് സബ്സിഡി ആനുകൂല്യം അനുവദിച്ചു. ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം 43 സംരംഭങ്ങൾക്ക് ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി അനുവദിച്ചു. പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് പദ്ധതിയനുസരിച്ച് 27 സംരംഭങ്ങൾക്ക് വായ്പ ലഭ്യമാക്കുകയും ചെയ്തു. സംരംഭക സഹായ പദ്ധതി പ്രകാരം 45 സംരംഭങ്ങൾക്ക് സബ്സിഡി തുക അനുവദിച്ചു നല്കിയിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ ഇൻഷുറൻസ് പദ്ധതി പ്രകാരം 117 പേർക്ക് ധനസഹായം നൽകി.<br><br>ഒരു സംരംഭത്തിന് പരമാവധി രണ്ടര കോടി രൂപാവരെ ധനസഹായം ലഭ്യമാക്കുന്ന 'മിഷൻ 1000’ പദ്ധതി പ്രകാരം തൊടുപുഴ മണ്ഡലത്തിൽ 5 സംരംഭങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ മെ. വുഡോൺ ഡെക്കർ എന്ന സ്ഥാപനത്തിന് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി പ്രകാരം ഡവലപ്പർ പെർമിറ്റ് ലഭിക്കുന്നതിന് മെ. അസർ മെഡിക്കൽ കോളേജ് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്. കൂടാതെ, ജനറൽ ഓറിയന്റേഷൻ ട്രെയിനിങ്, ലോൺ മേള, താലൂക്ക് ലെവൽ ഇൻവെസ്റ്റേഴ്സ് മീറ്റ്, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ക്ലിനിക്ക്, സംരംഭക സഭ, സംരംഭക ബോധവത്കരണ പരിപാടി, 15 ദിവസം |

| | | | |
|---|---|---|---|
| | | | നീണ്ടു നിൽക്കുന്ന സംരംഭകത്വ വികസന പരിപാടി എന്നിവ വർഷം തോറും നടത്തി വരുന്നു.<br><br>സംരംഭക വർഷം പദ്ധതിയിലൂടെ 3838 സംരംഭങ്ങൾ ആരംഭിക്കുകയും 231.05 കോടി രൂപയുടെ നിക്ഷേപം ലഭിക്കുകയും 7773 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ